ള്ളതും ബ്ലോക്കു പഞ്ചായത്തുകൾ ശുപാർശ ചെയ്യുന്നതുമായ റോഡുപണികളാണ് നബാർഡിലേക്ക് അയയ്ക്കുന്നത്.

(ഇ) 23.12.98-ൽ ചേർന്ന ബ്ലോക്ക് പഞ്ചായത്ത് യോഗം തീരുമാനം നമ്പർ : 118

(എഫ്)പ്രസ്തുത യോഗത്തിൽ മൊത്തം പത്തു റോഡുകൾ ബ്ലോക്ക് പഞ്ചായത്ത് യോഗം അംഗീകരിച്ചിട്ടുണ്ട്.

(ജി) സെക്രട്ടേറിയറ്റിലെ വകുപ്പുകൾമുഖേന ശുപാർശ ചെയ്ത് അയച്ചിട്ടില്ല. പ്രോജക്ട് ആഫീസറിൽനിന്നും ലഭിച്ച പ്രൊപ്പോസൽ ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നുമാണ് നബാർഡിലേക്കയച്ചത്.

(എച്ച്) ഗ്രാമവികസന കമ്മീഷണറേറ്റിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്.

(ഐ) ബാധകമല്ല.

(ജെ) നബാർഡ് 9.3.99 ലെ എൽ.ബി.എസ്.പി.ബി/ആർ.ഐ.ഡി.എഫ് 4(കേരള)/27 പി.എസ്.സി) 98-99 നമ്പർ കത്തുപ്രകാരമാണ് റോഡ് പ്രവൃത്തിക്ക് അനുമതി നൽകിയത്.

(കെ) റോഡു നിർമ്മിക്കുന്നതിന് ആര്, എപ്പോൾ പ്രൊപ്പോസൽ നൽകി എന്നറിയില്ലെന്നും പ്രസ്തുത റോഡിന് സർക്കാർ അംഗീകാരം നൽകുന്നതിനുമുമ്പായി അതു സംബന്ധിച്ച് ഒരു ഡിസ്കഷൻ ആവശ്യമാണെന്നും കാണിച്ച് ശ്രീ. ചെർക്കളം അബ്ദുള്ള എം.എൽ.എ. 3.4.99 ന് ഗ്രാമവികസന വകുപ്പു സെക്രട്ടറിക്കും (17.4.99 ലെ 3853/പി.ബി.3/99/ഗ്രാ.വി.വ) 27.3.99-നു ധനകാര്യ സെക്രട്ടറിയും 13.4.99 ലെ 29914/എസ്.സി1/99/ഫിൻ) പരാതി നൽകിയിട്ടുണ്ട്.

25 (3478) ഗ്രാമവികസന വകുപ്പ് ജീവനക്കാരുടെ കൺഫർമേഷൻ

<u>ശ്രീമതി എൻ.കെ. രാധ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിൽ കൺഫർമേഷൻ ലഭിച്ച എത്ര ജീവനക്കാരുണ്ട്; കാറ്റഗറി തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(ബി) കൺഫർമേഷൻ ലഭിക്കാൻ അർഹതയുള്ളവരും എന്നാൽ ഇതുവരെ ലഭിക്കാത്തവർക്കും കൺഫർമേഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ വകുപ്പിൽ കൺഫർമേഷൻ ലഭിച്ച ജീവനക്കാർ ആരും തന്നെ ഇപ്പോൾ ഇല്ല.

(ബി) ചട്ടപ്രകാരം ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

26 (3479) സി-ഡിറ്റിന്റെ ഇൻഫർമേഷൻ കേരള മിഷൻ പദ്ധതി

<u>ശ്രീ. വി.ജെ. ഫ്രാൻസിസ്</u> :
<u>ശ്രീ. എഴുകോൺ നാരായണൻ</u> :

LIBRARY ARCHIVES Kerala Legislative Assembly